കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: P8-1302/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 06/01/2023
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ

പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: P8-1302/22 തീയ്യതി: 06/01/2023

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ

ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്നിഗ്ദ്ധ എസ്.	ഡെപ്യൂട്ടി ഡയറക്ടർ	07-11-2022	16-11-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-11-2022	16-11-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ. എ.എസ്., ഓഡിറ്റ് ഓഫീസർ,
ശ്രീ. ഹരികുമാർ. എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി സ്മിത റ്റി., സീനിയർ ഗ്രേഡ് ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ബിനോയി സി.എസ്.	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ. പ്രദീപ്. റ്റി.ജി	സെക്രട്ടറി	01-04-2021	31-08-2021
ശ്രീ. രാധാകൃഷ്ണപിള്ള.കെ, അസിസ്റ്റന്റ് സെക്രട്ടറി,	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-09-2021	03-10-2021
ശ്രീ. അനിൽ കുമാർ.ആർ	സെക്രട്ടറി	04-10-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ശ്രീലേഖ.പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	09-07-2021

ശ്രീ. രാധാകൃഷ്ണപിള്ള.കെ	അസിസ്റ്റന്റ് സെക്രട്ടറി	10-07-2021	05-01-2022
ശ്രീ. ഉണ്ണികൃഷ്ണൻ.കെ	അസിസ്റ്റന്റ് സെക്രട്ടറി	06-01-2022	31-03-2022
ശ്രീമതി. രാധിക.എസ്	അസിസ്റ്റന്റ് എൻജിനീയർ	01-04-2021	31-03-2022
ഡോ. മഞ്ജിമ പൌലോസ്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2021	31-03-2022
ഡോ. മീര രവീന്ദ്രൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2021	14-11-2021
ഡോ. മീര. ആർ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	15-11-2021	31-03-2022
ഡോ. ഷമീജാ ബീഗം. എസ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2021	31-03-2022
ഡോ. അനിൽ.കെ	വെറ്ററനറി സർജൻ	01-04-2021	31-03-2022

ശ്രീമതി. അമ്പിളി. വി.എൽ	കൃഷി ഓഫീസർ	01-04-2021	05-05-2021
ശ്രീമതി. ധന്യ.എ	കൃഷി ഓഫീസർ	06-05-2021	31-03-2022
ശ്രീമതി. അഖില. വി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	13-08-2021
ശ്രീമതി. മീരാ നമ്പൂതിരി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	14-08-2021	12-09-2021
ശ്രീമതി.ഷിഫാന. എം. സത്താർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	13-09-2021	21-09-2021
ശ്രീമതി. വീണ.ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	22-09-2021	31-03-2022
ശ്രീമതി. വിദ്യ. എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	07-07-2021
ശ്രീ. ഒബി. ആർ	ഡയറി ഫാം ഇൻസ്ട്രക്ടർ	08-07-2021	31-03-2022

ശ്രീ. ശ്രീകുമാർ.ജെ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-03-2022
ശ്രീമതി. സബിത വി.എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2021	14-11-2021
ശ്രീമതി. സ്വാതി ചന്ദ്രൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	15-11-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക പരിശോധന	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഗ്രാന്റ് വിനിയോഗം അപാകതകൾ	1-4-1
5	ഗ്രാന്റ് വിനിയോഗം	1-4
6	പദ്ധതി അവലോകനം	1-5
7	തൊഴിലുറപ്പ് പദ്ധതി	1-6
8	ക്ഷേമ പദ്ധതികൾ	1-7
9	ക്യാഷ് ബാലൻസ് പരിശോധന	1-8
10	ആഭ്യന്തര നിയന്ത്രണം	1-9
11	മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം	1-10
12	ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില ഭദ്രമല്ല	1-11
13	വസ്തു നികുതിയിന്മേൽ സേവന ഉപനികുതി ഈടാക്കുന്നില്ല	1-12

14	തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.	1-13
15	പൊതു ടാപ്പുകൾ 52, വെള്ളക്കരം ഒടുക്കുന്നത് 248 ടാപ്പുകൾക്ക്; പ്രതിവർഷ നഷ്ടം 10.80 ലക്ഷം രൂപ	1-14
16	മരുന്ന് വാങ്ങൽ- ആവശ്യാനുസരണം മരുന്നുകൾ ലഭിക്കുന്നില്ല	1-15
17	വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പഞ്ചായത്തിൽനിന്ന് വാടക നൽകുന്നില്ല	1-16
18	അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല	1-17
19	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- മതിയായ തുക വകയിരുത്തുന്നില്ല	1-18
20	സുഭിക്ഷ കേരളം പദ്ധതി - തരിശ് നെൽകൃഷി - അപാകതകൾ	1-19
21	അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം	1-20
22	ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നതിന് ഫണ്ട് അനുവദിക്കുന്നില്ല.	1-21

23	ലൈഫ് ഭവന പദ്ധതി- അഡ്വാൻസ് തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	1-22
24	ലൈഫ് ഭവന പദ്ധതി- ഇല്ലാത്ത വായ്പയ്ക്ക് തുക ഈടാക്കുന്നു	1-23
25	കൊളുത്തറ - വട്ടമല കലുങ്ക് നിർമ്മാണം അപാകതകൾ	1-24
26	കാവുംകോട്ടു പടി - അമയിൽ പടി റോഡ് റീടാറിംഗ് പദ്ധതി നടപ്പിലായില്ല - നിർവ്വഹണത്തിൽ വീഴ്ച.	1-25
27	മരാമത്ത് പ്രവൃത്തിയുടെ രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.	1-26
28	ഈടാക്കിയ കാലി ബാരലിന്റെ വില മെയിന്റനൻസ് ഫണ്ടിൽ തിരികെ നിക്ഷേപിച്ചിട്ടില്ല..	1-27
29	ഇ- ടെണ്ടർ വില ₹ 290865 / - ലഭ്യമായില്ല :	1-28
30	ഓഡിറ്റ് ഇംപാക്റ്റ് - കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല. ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തുക ഒടുക്കു വരുത്തി.	1-29

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്/ സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

04-06-2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 16-02-22 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യ പത്രിക പരിശോധന

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി-4: Grants And Contributions For Specific Purposes-സംയുക്ത പദ്ധതികൾക്കായുള്ള ബാധ്യത ഹെഡും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി (B-17) പൊരുത്തപ്പെടുന്നില്ല.

2.ഷെഡ്യൂൾ ബി-5: Secured Loan From KURDFC- ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുക (₹ 15,00,000) തെറ്റാണ്. ലൈഫ് മിഷൻ സംസ്ഥാന വിഹിതം തെറ്റായി ലോൺ അക്കൗണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു.

3. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - ₹ 24,81,580

Depoist With KSEB - ₹ 14,15,584

Deposit With PWD - ₹ 4,15,625

4. ഷെഡ്യൂൾ ബി-11(A): Capital Work In Progress- അക്കൗണ്ട് ചെയ്തിരിക്കുന്ന തുക ₹ 5,02,477തെറ്റാണ്.

5. ഷെഡ്യൂൾ ബി-18: Advance To Others - MGNREGS അഡ്വാൻസ് – വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും (₹ 4,04,460) യഥാർത്ഥ നീക്കിയിരിപ്പ് തുകയും (₹ 3,68,800) തമ്മിൽ 35,660 രൂപയുടെ വ്യത്യാസമുണ്ട്.

6. ഷെഡ്യൂൾ I-6 & I-14(A): MG-NREGA- ലഭ്യമാക്കിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ, വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

7. Capital Work In Progress എന്ന അക്കൗണ്ട് ഹെഡ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയത് Water Charges For Drinking Water Scheme എന്ന റെവന്യൂ ഹെഡിൽ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു (₹ 3,62,181).

8. വസ്തു നികുതി-ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

9. ലൈഫ് മിഷൻ സംസ്ഥാന വിഹിതം -ചെലവിന് ആനുപാതികമായ തുക, വരവ് ഹെഡിലേക്ക് മാറ്റി ജേണൽ ചെയ്തിട്ടില്ല.

10. ഷെഡ്യൂൾ I-6: Revenue Grants, Contributions & Subsidies- Joint Venture Projects From District Panchayat- 99,000 രൂപയുടെ ചെലവിന് ആനുപാതികമായ തുക വരവ് ഹെഡിലേക്ക് മാറ്റി ജേണൽ ചെയ്തിട്ടില്ല.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	5929401
വരവ്	48205516
ആകെ	54134917
ചെലവ്	48529037
നീക്കിയിരിപ്പ്	5605880

1-4-1 ഗ്രാന്റ് വിനിയോഗം അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിലും (അലോട്ട്മെന്റ്) ചെലവിലും ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ഇനം (സോഴ്സ് ഡിഡക്ഷൻ)	വരവ് തുക	ചെലവ് തുക
വികസന ഫണ്ട്-ജനറൽ	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	3,36,000*	3,36,000*
,,	അങ്കണവാടി അധിക വേതനം	7,44,600	7,44,600
വികസന ഫണ്ട്-എസ്.സി.പി.	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	30,667*	30,667*

1.* ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് & അൺ-ടൈഡ്)- ഇ-ഗ്രാം സ്വരാജ് വഴി ലഭിച്ച തുക ലാപ്സാകുന്നില്ല. 2022-23 വർഷം 18,24,922 രൂപ ക്യാരി ഓവർ ചെയ്തു

ലഭിച്ചിട്ടുണ്ട്.

2.* ലൈഫ് ഭവന പദ്ധതിക്കായി വായ്പ എടുത്തിട്ടില്ലെങ്കിലും സ്രോതസ്സിൽ കുറവ് ചെയ്ത തുക ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു.

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	ഇല്ല	8397000	8397000	8189774	207226
വികസന ഫണ്ട്-എസ്.സി.പി	,,	2693000	2693000	2662949	30051
വികസന ഫണ്ട്-ടി.എസ്.പി	,,	7600	7600	00	7600
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	,,	3431280	3431280	1627240	1804040
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)	,,	2302642	2302642	1359238	943404
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	,,	10388600	10388600	8448788	1939812

മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ്	,,	4922332	4922332	3421332	1501000
സംസ്ഥാനാവിഷ്കൃത ഫണ്ട്					
ശുചിത്വമിഷൻ ഗ്രാന്റ്	1034246	130000	1164246	484825	679421
കേന്ദ്രാവിഷ്കൃത ഫണ്ട്					
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	260565	8614068	8874633	8874135	498
ഐ.സി.ഡി.എസ്.	531759	297620	829379	446286	383093
സമ്പൂർണ്ണ ശുചിത്വം	488028	--	488028	--	488028
മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ					
ആരോഗ്യ കേരളം അവാർഡ്	144360	--	144360	--	144360
വിമുക്തി	40201	--	40201	37975	2226

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)
122	59027755	100	31195190	22

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	--	8202417	8202417	8202417	--
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	260565	411651	672216	671718	498
ആകെ	260565	8614068	8874633	8874135	498

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകത്തൊഴിലാളി പെൻഷൻ	940500	63
വിധവാപെൻഷൻ	8444000	573
വാർദ്ധക്യകാലപെൻഷൻ	23142800	1646

മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	2226300	155
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	232900	16
തൊഴിൽ രഹിത വേതനം	2640	1

1-8 ക്യാഷ് ബാലൻസ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 10.11.2022, 11.Am - ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 1731 (ആയിരത്തി എഴുനൂറ്റി മുപ്പത്തി ഒന്ന്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്.

പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ക്യാഷ്ബുക്ക്, ബാങ്ക് ബുക്ക് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ് ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. പൊതുജനങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശുഷ്കാന്തി കാണിക്കുന്നുണ്ട്.

1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് വിഭാഗം	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ	17-02-2014 മുതൽ	2008-09 മുതൽ	24-04-2014

ഓഡിറ്റ്	03-03-14 വരെ	2012-13 വരെ	
പെർഫോമൻസ് ഓഡിറ്റ്	06-07-2022 മുതൽ 07-07-2022 വരെ	01/2022 മുതൽ 03/2022 വരെ	-

1-11 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില ഭദ്രമല്ല

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ തനത് വരുമാനവും ചെലവുകളും സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തനത് വരുമാനം	തുക	തനത് ചെലവുകൾ	തുക
നികുതി വരുമാനം (I-1)	50,68,368	എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (1-10b)	1,30,97,371
വാടക (I-3)	23,804	ഭരണപരമായ ചെലവുകൾ(I-11b)	11,20,845
ഫീസുകളും യൂസർ ചാർജ്ജും (I-4b)	6,09,431	പ്രവർത്തന ചെലവുകളും പരിപാലനവും (I-12b)	28,76,513
വിൽപ്പനയും കൂലി	1,18,093	ബാങ്ക് ചാർജ്ജ് (I-13)	2,025

ചാർജ്ജും (I-5b)			
പലിശ (I-8) ജനറൽ പർപ്പസ് ഗ്രാന്റ്	96,363 7752000	വെള്ളക്കരം സംരക്ഷണ ഗ്രാന്റിൽ നിന്നും അടവാക്കിയത് (തൻവർഷ ചെലവ്)	8,88,510
വരവിൽ കവിഞ്ഞ് ചെലവ്	***4317205***		
	1,79,85,264		1,79,85,264

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത് (തൻവർഷം ലഭിച്ച പൊതു ആവശ്യ ഗ്രാന്റ് 77,52,000 രൂപയാണ്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 43.17ലക്ഷം രൂപയാണ്.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നു. പ്രാദേശിക സർക്കാരുകളിൽ അർപ്പിതമായിട്ടുള്ള ഭരണഘടനാപരമായ ചുമതലകൾ

നിർവ്വഹിക്കുന്നതിന് പഞ്ചായത്തുകൾ സ്വയംപര്യാപ്തമാകേണ്ടത് അനിവാര്യമാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

<u>തനത് ഫണ്ടിന്റെ അപര്യാപ്തത – തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള മറ്റ് ഫണ്ടുകൾ വിനിയോഗിക്കുന്നു</u>

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നിക്ഷേപിക്കുന്നതിനായി 3 അക്കൗണ്ടുകളാണ് നിലവിൽ ഉള്ളത്. ആയതിന്റെ 31-03-2022 പ്രകാരമുള്ള നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ ചേക്കുന്നു.

ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്	746991
ട്രഷറി റ്റി.എസ്.ബി.	1795291
ഓൺലൈൻ അക്കൗണ്ട്-എസ്.ബി.റ്റി.	961606
ആകെ	**3503888**

വിവിധ കേന്ദ്ര/സസ്ഥാനവിഷ്കൃത പദ്ധതികൾ, ശുചിത്വമിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭിക്കുന്ന ഫണ്ടുകൾ തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത ഇനങ്ങളിലുള്ള നീക്കിയിരുപ്പ് ചുവടെ ചേർക്കുന്നു.

ഫണ്ട്	തുക
ഐ.സി.ഡി.എസ്.	383093
ശുചിത്വ മിഷൻ ഗ്രാന്റ്	679421
സമ്പൂർണ്ണ ശുചിത്വം	488028
ഗുണഭോക്തൃ വിഹിതം	64000

മറ്റുള്ളവ	144360

ഇവ കൂടാതെ സെക്യൂരിറ്റി നിക്ഷേപം ഇനത്തിൽ 4,02,613 രൂപയുടെയും ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾക്കായി 14,41,248 രൂപയുടെയും ബാധ്യതയുണ്ട്. ആകെ 36,02,763 രൂപയുടെ ബാധ്യത നിലനിൽക്കുമ്പോൾ, തനത് ഫണ്ടിൽ 35,03,888 രൂപ മാത്രമാണ് അവശേഷിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളും ഋണശീർഷ തുകകളും തനത് ഫണ്ടിൽ നിക്ഷേപിക്കുന്നതുമൂലം, തനത് ഫണ്ടിന്റെ അപര്യാപ്തതകൊണ്ട് മേൽ ഫണ്ടുകൾ വകമാറ്റി വിനിയോഗിക്കേണ്ടതായി വരുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കുന്നത് അഭിലഷണീയമാണ്. ഇതു കൂടാതെ സ്ട്രീറ്റ്ടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ ഒരു കോടിയിലധികം രൂപയുടെ കുടിശ്ശിക ഒടുക്കാനുമുണ്ട്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് ഗ്രാമപഞ്ചായത്ത് നേരിടുന്നത്.

1-12 വസ്തു നികുതിയിന്മേൽ സേവന ഉപനികുതി ഈടാക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207(1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമാത്താവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്ക് പരിപാലനം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് വസ്തു നികുതിയുടെ പത്ത് ശതമാനത്തിൽ കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് പ്രസ്തുത ചട്ടത്തിലെ 27-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ

ഇത്തരത്തിൽ സേവന ഉപനികുതി ഈടാക്കുന്നില്ലായെന്ന് മനസ്സിലായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ഈടാക്കിയ വസ്തു നികുതി	സേവന ഉപനികുതി (കുറഞ്ഞത് 10%)
2016-17	3878122	387812
2017-18	3924464	392446
2018-19	3623960	362396
2019-20	3889875	388987
2020-21	3604939	360493
2021-22	4739298	473929
ആകെ	**23660658**	**2366063**

സേവന ഉപനികുതി ഈടാക്കിയിരുന്നെങ്കിൽ കഴിഞ്ഞ 6 വർഷമായി 23.66 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് വരുമാനമായി ലഭിക്കുമായിരുന്നു.
ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സേവന നികുതി ഈടാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 06-07-2021 ലും 29-11-2021 ലും തീരുമാനം എടുത്തിരുന്നുവെങ്കിലും നടപ്പായില്ല.
സേവന നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/15-11-2022), നികുതി ഈടാക്കുവാൻ നടപടിസ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-13 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നുണ്ടെങ്കിലും ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/2022), ക്ഷേത്ര ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുന്നതിന് ആറൻമുള, ദേവസ്വംബോർഡ് അസിസ്റ്റന്റ് കമ്മീഷണർക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

1-14 പൊതു ടാപ്പുകൾ 52, വെള്ളക്കരം ഒടുക്കുന്നത് 248 ടാപ്പുകൾക്ക്; പ്രതിവർഷ നഷ്ടം 10.80 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി 2021-22 സാമ്പത്തിക വർഷം 13,46,144/- രൂപ തിരുവല്ല, ജല അതോറിറ്റിയിൽ നിന്നുള്ള നിന്നുള്ള ഡിമാൻഡ് നോട്ടീസ് പ്രകാരം ഒടുക്ക് വരുത്തിയിട്ടുണ്ട്.

ഭീമമായ വെള്ളക്കരം, സാമ്പത്തിക പ്രതിസന്ധിയിലായ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനിലയെ ഒന്നുകൂടി താളം തെറ്റിക്കുന്നതാണ്. പ്രവർത്തന ക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം ഗ്രാമപഞ്ചായത്തും ജല അതോറിറ്റിയും ചേർന്ന് സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തണമെന്ന് കാണിച്ച് നിരവധി തവണ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടും ജല അതോറിറ്റി തയ്യാറായില്ല. ആയതിനെ തുടർന്ന് പഞ്ചായത്തിലെ 13 വാർഡുകളിലെയും ജനപ്രതിനിധികൾ തങ്ങളുടെ വാർഡിലെ പ്രവർത്തിക്കുന്ന പൊതു ടാപ്പുകളുടെ എണ്ണം സ്വന്തം നിലയിൽ തിട്ടപ്പെടുത്തി കണക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് 08-11-2021-ൽ കൂടിയ പഞ്ചായത്ത് യോഗം (തീരുമാനം നം. 08(4)) വിശദമായി പരിശോധിക്കുകയും പ്രവർത്തന ക്ഷമതയുള്ള സ്ട്രീറ്റ് ടാപ്പുകൾ 52

എണ്ണമെന്ന് തിട്ടപ്പെടുത്തിയത് അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ട് പ്രകാരം പൊതു ടാപ്പുകളുടെ വാർഡു തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കും പ്രകാരമാണ്

വാർഡ് നം./സ്ഥലം	എണ്ണം	വാർഡ് നം./സ്ഥലം	എണ്ണം
01 (കള്ളിപ്പാറ)	1	08 (മാരാമൺ)	7
02 (ചരൽകുന്ന്)	1	09 (തോട്ടപ്പുഴശ്ശേരി)	4
03 (മരംകൊള്ളി)	2	10 (വെള്ളങ്ങൂർ)	5
04 (പൊൻമല)	4	11 (ചാലായിക്കര)	1
05 (കുറിയന്നൂർ)	5	12 (ചിറയിറമ്പ്)	5
06 (കട്ടേപ്പുറം)	11	13 (തോണിപ്പുഴ)	4
07 (നെടുംപ്രയാർ)	2	**ആകെ**	**52**

2022 ഫെബ്രുവരി മാസം സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കിയെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സംയുക്ത പരിശോധനാ റിപ്പോർട്ട് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. തന്നെയുമല്ല ടാപ്പുകൾ കുറഞ്ഞതിന് ആനുപാതികമായി ഡിമാന്റിൽ കുറവ് വരുത്തിയിട്ടുമില്ല. നിലവിലും 248 ടാപ്പുകൾക്കുള്ള ഡിമാന്റാണ് വാട്ടർ അതോറിറ്റി അയയ്ക്കുന്നത്. പൊതു ടാപ്പുകളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്ത് പരിപാലിക്കുന്നുമില്ല. പൊതു ടാപ്പുകളുടെ നിലവിലെ സ്ഥിതി, സംയുക്ത പരിശോധന റിപ്പോർട്ട് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/10-11-2022), സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കാത്ത സാഹചര്യത്തിലും ഡിമാന്റിൽ കുറവ് വരുത്താതെ വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിനാലും 2022 ഏപ്രിൽ മുതൽ പഞ്ചായത്ത് വെള്ളക്കരം അടയ്ക്കുന്നില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ജലഅതോറിറ്റി നൽകിയ ഡിമാൻഡ് നോട്ടീസ് പ്രകാരം 2022 ഒക്ടോബർ മാസം വരെയുള്ള കുടിശ്ശിക 1,28,64,961 രൂപയാണ്. ശുഷ്കമായ തനത് വരുമാനമുള്ള പഞ്ചായത്തിന് മാസം തോറും ഗണ്യമായ തുകയുടെ ബാധ്യതയാണ് ഫൈൻ ഇനത്തിൽ ഉണ്ടാവുന്നത്. വെള്ളം ലഭ്യമാകുന്ന ടാപ്പുകൾക്ക് മാത്രം ചാർജ് ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തന്റെ വികസനത്തിന് ആവശ്യമായ ഫണ്ട് കണ്ടെത്താനാകാതെ വിഷമിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള പാഴ്ചെലവും ധന ദുർവിനിയോഗവും ഒഴിവാക്കാൻ കർശന നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-15 മരുന്ന് വാങ്ങൽ- ആവശ്യാനുസരണം മരുന്നുകൾ ലഭിക്കുന്നില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ രണ്ട് പദ്ധതികൾ പ്രകാരം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ തുക മുൻകൂറായി ഒടുക്കി. തുക ഒടുക്കി ഒരു വർഷം ആകുമ്പോഴും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നം, പദ്ധതിയുടെ പേര്	ബിൽ വിശദാംശങ്ങൾ		ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വിവരം
	ചെലവ് ബിൽ റഫറൻസ് നം	പ്രഫോമ ഇൻവോയിസ് നം.	
S0009/22 പി.എച്ച്.സിയിലേക്ക്	₹ 2,00,000 21050952011900628393	PRF 2758/18-10-2021	94,905 രൂപയുടെ മരുന്നുകൾ

മരുന്ന് വാങ്ങൽ	Date 03-11-2021		ലഭിക്കാനുണ്ട്.
S0007/22 പാലിയേറ്റീവ് പരിചരണം- മരുന്ന് വാങ്ങൽ	₹ 2,05,000 2105095201190083650З Date 22-12-2021	PRF 3202/05-11-2021	97,460 രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്.

മരുന്നുകൾ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈക്കൊള്ളേണ്ടതാണ് .

1-16 വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പഞ്ചായത്തിൽനിന്ന് വാടക നൽകുന്നില്ല.

ഗ്രാമപ്പഞ്ചായത്തിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 7 അങ്കണവാടികളുണ്ട്. വാടക നൽകാൻ സാമൂഹ്യനീതി വകുപ്പിൽനിന്ന് പ്രതിമാസം 1000രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 86, 93, 96, 97 എന്നീ നമ്പർ അങ്കണവാടികൾക്ക് നൽകുന്ന വാടകയുടെ വിവരം ചുവടെ ചേർക്കുന്നു.

അങ്കണവാടി നം.	വാടക
86	1500
93	4000
96	2000
97	2500

സർക്കാർ നൽകുന്ന തുക അപര്യാപ്തമായതിനാൽ അധികം വേണ്ടിവരുന്ന തുക

അതത് അങ്കണവാടികളിലെ വർക്കർമാർ തന്നെ വഹിക്കുകയാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സംബന്ധിച്ചിടത്തോളം, കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം വഹിക്കേണ്ടതാണ് എന്ന് അങ്കണവാടിക്കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം എന്നിവ സംബന്ധിച്ച സർക്കുലർ നമ്പർ 31055/DC2/2011/ ത.സ്വ.ഭ.വ തീയതി 22.03.2011 ൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക വാർഷിക പദ്ധതിയുടെ ഭാഗമായി കണ്ടെത്തേണ്ടതാണെന്നും ഇതിന് വികസനഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട് എന്നിവ അതത് ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കാവുന്നതുമാണെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ പറയുന്നു.

എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം.84/22 തീയതി 19.04.2022] ഖണ്ഡിക നം.8.8.2(1&2) സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയും വനിതാ ശിശുവികസന വകുപ്പുമായും സഹകരിച്ച് പ്രവർത്തിക്കണമെന്നും, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപ്പഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും പ്രസ്തുത മാർഗ്ഗരേഖ അനുശാസിക്കുന്നു. കൂടാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പുപദ്ധതിയിൽനിന്ന് അഞ്ചു ലക്ഷം രൂപയും വനിതാ ശിശുവികസന വകുപ്പിൽനിന്ന് രണ്ടു ലക്ഷം രൂപയും

ചെലവഴിക്കാവുന്നതാണെന്ന് ഖണ്ഡിക നം.3.5.6എ.8 ലും പറഞ്ഞിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-17 അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല

പൂരക പോഷകാഹാര പരിപാടി നടപ്പിലാക്കുന്നതിന് ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പിന്റെ 03.09.2020 ലെ നം.39033/ഡിസി 2/10/തസ്വഭവ. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

2018-19 വർഷം അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്കായി തുക വകയിരുത്തിയതിൽ കേന്ദ്ര വിഹിതം ഇനത്തിൽ 3,36,554 രൂപ അവശേഷിച്ചിരുന്നു. 2019-20, 2020-21, 2021-22 വർഷങ്ങളിൽ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും കണക്ക് ചുവടെ ചേർക്കുന്നു.

വർഷം	മുന്നിരിപ്പ്	കേന്ദ്ര വിഹിതം ലഭിച്ചത്	ആകെ	കേന്ദ്ര വിഹിതം ചെലവഴിച്ചത്	ബാലൻസ്

2019-20	336554	416806	753360	157046	596314
2020-21	596314	385445	981759	450000	531759
2021-22	531759	287620	819379	446286	373093

31.3.22-ൽ പ്രസ്തുത ഇനത്തിൽ ആകെ 373093 രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ആയതിനാൽ ഇത് വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അങ്കണവാടികെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-18 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- മതിയായ തുക വകയിരുത്തുന്നില്ല

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം.22/18/ ത.സ്വ.ഭ.വ തീ. 14/02/18 നമ്പർ ഉത്തരവ് ഖണ്ഡിക 6-2-18 അനുസരിച്ച് ക്ഷീരസംഘത്തിൽ നൽകുന്ന പാലിന്റെ അളവിനെ ആസ്പദമാക്കി ലിറ്ററിന് 3 രൂപ വീതം ഒരു കർഷകന് ഒരു വർഷം പരമാവധി 40000 രൂപ വരെ സബ്സിഡിയായി അനുവദിക്കാവുന്നതാണ്. ഗ്രാമ/ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി പ്രോജക്ട് നടപ്പിലാക്കാനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നതെങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റെയും, ജില്ലാപഞ്ചായത്തിന്റേയും വിഹിതം നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിനോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കോ സാധിച്ചില്ല. ഒരു മാസം അളന്ന പാലിന്റെ അളവിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് 28000 രൂപയിൽ താഴെ മാത്രമാണ് സബ്സിഡി നൽകാൻ സാധിച്ചത്. 2021 ഡിസംബർ മാസം വരെ 3 രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. തുടർന്ന് ജനുവരി മാസം മുതൽ സബ്സിഡി

നിർദ്ദിഷ്ട നിരക്കിൽ നൽകാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗമാണ് കന്നുകാലി വളർത്തൽ. ആയതിനാൽ ആവശ്യകതകൾക്കനുസൃതമായി ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുവാനും പരമാവധി കർഷകർക്ക് ആയത് പ്രയോജനപ്പെടുത്തുന്നതിനും വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 സുഭിക്ഷ കേരളം പദ്ധതി - തരിശ് നെൽകൃഷി - അപാകതകൾ

സുഭിക്ഷ കേരളം - തരിശ് നെൽകൃഷി പ്രോജക്ട് പ്രകാരം തരിശ് ഭൂമിയിൽ നെൽകൃഷി ചെയ്ത രണ്ട് കർഷകർക്ക് 98000 രൂപ നൽകിയിട്ടുണ്ട്. ശ്രീമതി ആര്യ.വി, വെച്ചൂത്തറ, പുളിങ്കുന്ന്, ആലപ്പുഴ എന്നയാൾക്ക് 69860 രൂപയും പത്മ. ജി. നായർ, പെരുമനം, ചമ്പക്കുളം,പി.ഒ, ആലപ്പുഴ എന്നയാൾക്ക് 28140 രൂപയുമാണ് നൽകിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സുഭിക്ഷം കേരളം- സബ്സിഡി ഭേദഗതി ഉത്തരവ് പ്രകാരം (സ.ഉ (സാധാ) നം-1009/2020/ത.സ്വ.ഭ.വ തീയതി 29/05/2020) മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തി ചെയ്തിട്ടില്ലാത്ത ഭൂമിയെ ആണ് തരിശായി പരിഗണിക്കേണ്ടത്. ആയത് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. തരിശ് ഭൂമിയിലെ ആദ്യ കൃഷിക്കാണ് കർഷകന് ആനുകൂല്യം നൽകേണ്ടത്. ഇപ്രകാരമുള്ള നിർദ്ദേശങ്ങളും നടപടി ക്രമങ്ങളും പാലിച്ചിട്ടില്ല. സ്ഥലമുടമകൾക്ക് തുക നൽകിയിട്ടില്ല. കൃഷി ചെയ്ത ഭൂമിയുടെ വിവരങ്ങൾ ബോധ്യപ്പെടുന്നതിനായി ഭൂനികുതി അടച്ചതിന്റെ രേഖകൾ നിർവ്വഹണോദ്യോഗസ്ഥന്റെ കൃഷി ചെയ്ത

ഭൂമിയുടെ അളവ് സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ കർഷകർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-5/09.11.22,) ഭൂനികുതി അടച്ചതിന്റെ രേഖകൾ കർഷകർക്ക് കൈമാറാൻ പല ഭൂഉടമകളും തയ്യാറാകാത്ത സാഹചര്യമാണുള്ളതെന്നും പാടശേഖര സമിതിയാണ് കൃഷിചെയ്യുന്നതിനു സന്നദ്ധരായ കർഷകരെ നിശ്ചയിച്ചതെന്നും ആയതിനാലാണ് കർഷകരെ മുൻകൂട്ടി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ സാധിക്കാത്തത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഗണിക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

1-20 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

അങ്കണവാടികളുടെ എണ്ണം	17
സ്വന്തമായി കെട്ടിടമുള്ളവ	7
വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	10

വാടകരഹിതമായി പ്രവർത്തിക്കുന്നവ	3
ടോയ്‌ലറ്റ് സൗകര്യം ഉള്ളവ	15
വൈദ്യുതി കണക്ഷൻ ഉള്ളവ	17
ചുറ്റുമതിൽ ഉള്ളവ	7
കുടിവെള്ളം ലഭ്യമായവയുടെ എണ്ണം	15

കുടിവെള്ളം ലഭ്യമല്ലാത്ത അംഗനവാടികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അംഗനവാടികളിലെ വെയിംഗ് സ്കെയിലുകൾ, 5 അംഗനവാടികളിലെ കംപ്യൂട്ടറുകൾ എന്നിവ ഉപയോഗശൂന്യമായവയാണ്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും ചുറ്റുമതിൽ ഇല്ലാത്തവയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്. 96-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാണെങ്കിലും ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമല്ല എന്ന് വില്ലേജ് ഓഫീസർ അറിയിച്ചിട്ടുള്ളതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തുന്നതിന് ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്.

1-21 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നതിന് ഫണ്ട് അനുവദിക്കുന്നില്ല.

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി വികസനഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ വകയിരുത്തി S0044/21 നമ്പർ പദ്ധതി പ്രകാരം 448675 രൂപയും S00119/21 പ്രകാരം 112625 രൂപയും ചെലവഴിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 10 വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 17 വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 28500 രൂപ വീതവും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 8000 രൂപ വീതവുമാണ് (വ്യത്യസ്ത ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 28500 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 4200 രൂപ മുതൽ 13500 രൂപ വരെയും സ്കോളർഷിപ്പ് അനുവദിക്കേണ്ടതാണ്. പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുകയാണ് വകയിരുത്തിയത്. മുൻ വർഷത്തെ ജില്ലാ പഞ്ചായത്ത് വിഹിതമായ 200000 രൂപ ലഭിച്ചതുകൊണ്ടു മാത്രമാണ് മതിയായ നിരക്കിൽ സ്കോളർഷിപ്പ് നൽകുവാൻ സാധിച്ചത്.

നിർദ്ദിഷ്ട നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നതിന് തുക അനുവദിക്കാതിരിക്കുന്നത് ഇത്തരത്തിൽ അവശത അനുഭവിക്കുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

1-22 ലൈഫ് ഭവന പദ്ധതി- അഡ്വാൻസ് തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി പ്രകാരം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ അഡ്വാൻസ് തുക കൈപ്പറ്റിയശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേരും വിലാസവും	വർഷം	വാർഡ് നം.	കൈപ്പറ്റിയ തുക
1	കല്യാണി ഗോപാലൻ, തുണ്ടുപുരയിടത്തിൽ, കൈതക്കോടി	2021-22	13	40,000
2	ആനന്ദവല്ലി കുഞ്ഞുമോൻ, നടുക്കേപുരയിൽ, മാരാമൺ	,,	10	40,000
3	സുമതി എ.കെ. കൊച്ചുമോളുംപുറത്ത്, പുല്ലാട്	2020-21	11	3,50,000
4	അനുകുമാർ എസ്. വെള്ളിക്കര പടിഞ്ഞാറേതിൽ, കുറിയന്നൂർ	,,	1	3,60,000

5	ബിന്ദു റ്റി., മലമ്പുറത്ത്, കുറിയന്നൂർ	,,	3	3,50,000
6	ഗോപാലൻ, മാലൂർ വീട്, കോളഭാഗം	,,	2	3,00,000
7	ശശികലദാസ്, മൈക്കുഴിയിൽ, കുറിയന്നൂർ	,,	13	3,50,000
8	ജിനു എം.കെ. ജിനുഭവൻ, കുറിയന്നൂർ	,,	3	3,50,000
9	സബിത ബി.കെ. ജിനുഭവൻ, കുറിയന്നൂർ	,,	6	3,50,000
10	മറിയാമ്മ ജോൺ, വേങ്ങപ്പാറ, കോളഭാഗം	,,	5	3,50,000
11	സുനിക്കുട്ടൻ, നിരവിൽ കോളനി, കുറിയന്നൂർ	,,	5	3,50,000

ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള അടിയന്തിര നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

1-23 ലൈഫ് ഭവന പദ്ധതി- ഇല്ലാത്ത വായ്പയ്ക്ക് തുക ഈടാക്കുന്നു

ലൈഫ് ഭവന പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വായ്പ എടുത്തിട്ടില്ല. എന്നിട്ടും വായ്പയുടെ പേരിൽ സർക്കാർ വികസന ഫണ്ടിൽ നിന്നും തുക കുറവ് ചെയ്യുന്നു.

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും 4,39,882 രൂപ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ഈടാക്കിയ തുക
2020-21	73,215
2021-22	3,66,667
ആകെ	**4,39,882**

ഇല്ലാത്ത വായ്പയുടെ പേരിൽ ഈടാക്കിയ **4,39,882** രൂപ തിരികെ ലഭിക്കുന്നതിനും തുടർന്ന് തുക സ്രോതസിൽ കുറവ് ചെയ്യുന്നത് ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 കൊളുത്തറ - വട്ടമല കലുങ്ക് നിർമ്മാണം അപാകതകൾ

പ്രോജക്ട് നം: 74/22 (Central Finance Commission Fund)
അടങ്കൽ: 800000/-
ചെലവ് : 583855/-
ബിൽ നം : 278/27-3-2022
കരാർ നം : 26/ AE/Lsgd 1 TPY / 21-22 /
20-12-21
M Book നം : 154/21 - 22
കരാറുകാരൻ : ശ്രീ.ജെ. ചാണ്ടി.
എൻകയറി നം. 10/10-11-2022

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 583855 രൂപ വിനിയോഗിച്ച് AE നിർവ്വഹണ

ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വട്ടമല കലുങ്ക് നിർമ്മാണത്തിന്റെ പ്രവൃത്തിയുടെ സ്ഥല പരിശോധനയിൽ നിന്നും, ഫയൽ പരിശോധനയിൽ നിന്നും നിർമ്മാണവുമായി ബന്ധപെട്ട് അപാകതകൾ ഉണ്ടായിട്ടുള്ളതായി ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു.

1) കൊളുത്തറ - വട്ടമല ഭാഗത്ത് റോഡുകൾ നിലവിലില്ലാത്ത സ്ഥലത്ത് ചെറിയ ഒരു തോടിന് മുകളിലാണ് വലിയ കലുങ്ക് നിർമ്മിച്ചിട്ടുള്ളത്. (സ്ഥല പരിശോധനാ റിപ്പോർട്ട്, ഫോട്ടോ) ഇവിടെ ഏതെങ്കിലും റോഡ് ആസ്തിയിൽ ഉൾപ്പട്ടതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രസ്തുത സ്ഥലത്ത് റോഡ് നിർമ്മാണവുമായി ബന്ധപെട്ട ഒരു പദ്ധതിയും നിലവിലില്ല. ഇല്ലാത്ത റോഡിന് വേണ്ടിയുള്ള കലുങ്ക് നിർമ്മാണം നിർജ്ജീവാസ്തി സൃഷ്ടിക്കുന്നതിന് കാരണമായി.

2) കരാറുകാരന് PWD മാന്വൽ സെക്ഷൻ 1901 പ്രകാരമുള്ള രജിസ്ട്രേഷൻ ഇല്ല. രജിസ്ടേഷൻ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്ന മറുപടിയാണ് എൻക്വയറിക്ക് നൽകിയിട്ടുള്ളത്. കരാറുകാരൻ ശ്രീ ജെ. ചാണ്ടിയുടെ മൈനർ ഇറിഗേഷൻ വകുപ്പിലെ രജിസ്ട്രേഷൻ വിവരങ്ങളാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

3) ടി നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത് Revised Estimate

Report തയ്യാറാക്കാതെയാണ് .
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-25 കാവുംകോട്ടു പടി - അമയിൽ പടി റോഡ് റീടാറിംഗ് പദ്ധതി നടപ്പിലായില്ല - നിർവ്വഹണത്തിൽ വീഴ്ച.

പ്രോജക്ട് നമ്പർ :69/22
മെയിന്റനൻസ് ഫണ്ട്
അടങ്കൽ: 1,71,000
ടി.എസ് : 27065/21-22
പദ്ധതി ഫയൽ പരിശോധിച്ചതിൽ ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

കാവുംകോട്ടു പടി - അമയിൽ പടി റോഡ് റീടാറിംഗ് പദ്ധതി നിർവ്വഹണത്തിനായി കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ടെണ്ടറുകൾ ലഭിച്ചില്ല. ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിക്കാത്ത സാഹചര്യത്തിൽ റീ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഒരു കരാറുകാരൻ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. തോമസ് ജോൺ എന്ന ടി കരാറുകാരൻ സമർപ്പിച്ച ടെണ്ടറിൽ 9.5 % Above Estimate Rate എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടെണ്ടർ ഷെഡ്യൂളിൽ Description Of Works രേഖപ്പെടുത്തൽ ഇല്ല. എസ്റ്റിമേറ്റ് തുകയേക്കാൾ അഞ്ച് ശതമാനം കൂടുതൽ ക്വാട്ട് ചെയ്ത ടെണ്ടർ സ്വീകരിച്ചത് സാങ്കേതിക സമിതിയുടെ മുൻകൂർ അനുമതി ലഭിക്കാതെയാണ്. ടെണ്ടർ നടപടികളിൽ പാലിക്കേണ്ട കാര്യങ്ങൾ നിയമപരമായി പാലിക്കാതെയാണ് നിർമ്മാണ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസ് ഇഷ്യൂ ചെയ്തിട്ടുള്ളത്.

7/12/2021 ലെ 19/21-22 ലെ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ കോൺട്രാക്ടർ ഹാജരാക്കിയിട്ടുള്ള കരാർ നം : 30/AE/Lsgd/TPY / 21 - 22; 15 -2-22 ൽ ടിയാൻറെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. കരാർ ചമച്ചതിന് ശേഷം കരാറുകാരൻ അസി.എഞ്ചിനീയറിൽ നിന്നും പ്രവൃത്തി സ്ഥലം ഏറ്റെടുത്തതിന്റെ രേഖകൾ ഇല്ല .

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ/ റീടെണ്ടർ, കരാർ, സൈറ്റ് ട്രാൻസ്ഫർ എന്നിവയിൽ പാലിക്കേണ്ട നിയമപരമായ നടപടികളിലുള്ള ഗുരുതരമായ വീഴ്ച കാരണം റീ ടാറിംഗ് പ്രവൃത്തിയുടെ നിർവ്വഹണം നാളിതു വരെ നടന്നിട്ടില്ല. എന്നാൽ കരാറുകാരന്റെ പിഴവു മൂലമല്ല പ്രവൃത്തി മുടങ്ങിയിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപെട്ട് സ്വീകരിക്കേണ്ട നടപടികളിൽ വീഴ്ച വരുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറെ നഷ്ടോത്തരവാദിയായി നിർണ്ണയിക്കുന്നു. ഉത്തരവാദിയായ അസി എഞ്ചിനീയറുടെ നഷ്ടോത്തരവാദിത്വത്തിൽ റീ കാസ്റ്റ് എസ്റ്റിമേറ്റ്, ടെണ്ടർ, കരാർ, മറ്റു നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ, ഭരണ സമിതി സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

1-26 മരാമത്ത് പ്രവൃത്തിയുടെ രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ 100 / 22 (സ്പിൽ ഓവർ)
PHC ക്ക് ലാബ് കെട്ടിട നിർമ്മാണം
അടങ്കൽ : ₹ 144360

ചെലവ് :₹ 144360 (തനത് ഫണ്ട്)
ചെക്ക് നം : 199700 /31-03-2022 [PDCB]
എൻക്വയറി നം : 19
ഓഡിറ്റ് റിക്വിസിഷൻ : 1

പി.എച്ച്.സി ലാബ് കെട്ടിട നിർമ്മാണത്തിന് 144360 രൂപ തനത് ഫണ്ടിൽ നിന്നും 2021-22 വർഷം ചെലവഴിച്ചിട്ടുണ്ട്. നിർമ്മാണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ്, ടെണ്ടർ ഫയൽ, അന്തിമ ബിൽ ഫയൽ, ചെക്ക് വിവരങ്ങൾ മറ്റു പ്രധാനപ്പെട്ട രേഖകൾ എന്നിവ ഓഡിറ്റ് റിക്വിസിഷൻ നം: 1 നൽകിയിരുന്നതിന് ശേഷവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രവൃത്തിയുടെ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 144360 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കാത്ത സാഹചര്യം തുടർന്നാൽ 144360 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയറെ നഷ്ടോത്തരവാദിയായി കണ്ട് നടപടി സ്വീകരിക്കേണ്ടതാണ്.

<u>1-27 ഈടാക്കിയ കാലി ബാരലിന്റെ വില മെയിന്റനൻസ് ഫണ്ടിൽ തിരികെ നിക്ഷേപിച്ചിട്ടില്ല..</u>

വിവിധ മരാമത്ത് പ്രവൃത്തികളായ സൊസൈറ്റി പടി - ഇല്ലത്തുപടി റോഡ് റീടാറിംഗ് (68/22), അമ്പാട്ടുപടി - കുടുന്തറോഡ് റീ ടാറിംഗ് (Project 73/22) എന്നീ പദ്ധതികളുടെ അന്തിമ ബില്ലുകളിൽ നിന്നും ഈടാക്കിയ കാലി ബാരലുകളുടെ വില ₹12364/- ബില്ലിൽ കുറവ് വരുത്തിയതിന് ശേഷം തനത് ഫണ്ടിൽ (അക്കൗണ്ട് നമ്പർ : 799013000000314) നിക്ഷേപിച്ചിരിക്കുന്നു. GO (P) 177/06/ ഫിൻ, തീയതി; 12-04-06 പ്രകാരം ടി തുക മെയിന്റനൻസ് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. തനതുഫണ്ടിൽ

നിന്നും ടി തുക മെയിന്റനൻറ് ഫണ്ടിൽ നിക്ഷേപിച്ച് വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ് .

1-28 ഇ- ടെണ്ടർ വില ₹ 290865 / - ലഭ്യമായില്ല :

തോട്ടപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത് അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ 2016-17 മുതലുള്ള ഇ-ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിൽ നിന്നും നാളിതു വരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	തുക
2016 - 17	56995
2017 - 18	20412
2018 - 19	61244
2019 - 20	13513
2020 - 21	50071
2021-22	88630
ആകെ	290865

തുക ലഭ്യമാകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 ഓഡിറ്റ് ഇംപാക്ട് - കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല. ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തുക ഒടുക്കു വരുത്തി.

പ്രോജക്റ്റ് നം. 62/22 [താന്നിക്കൽ പടി - കൂടത്തിനാലിൽ പടി റോഡ് റീ ടാറിംഗ് (62/22)]
അടങ്കൽ : 626000/-
ചെലവ് :591518/-
ബിൽ നം : 25/21-22
ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ (Kg) : 1325.
ബാരലിന്റെ എണ്ണം : 9
ഈടാക്കേണ്ട വില : 2529/-

അസി. എഞ്ചിനീയർ നിർച്ചഹണം നടത്തിയ താന്നിക്കൽപടി - കൂടത്തിനാലിൽ പടി റോഡ് റീ ടാറിംഗ് പ്രവൃത്തിക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ചത് പാക്ക്ഡ് ബിറ്റുമിൻ / ഇമൽഷൻ ആണ് . ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ വില ₹ 2529 (GST ഉൾപ്പടെ) കരാറുകാരനിൽ നിന്നും ഈടാക്കിയിരുന്നില്ല . അപാകത ചൂണ്ടിക്കാണിച്ച് എൻകചയറി (നം.11/) നൽകിയിരുന്നു. തുടർന്ന് രസീത് നം: 1220102537 /G030304 പ്രകാരം ₹ 2525 കരാറുകാരൻ ഒടുക്കിയിട്ടുണ്ട്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	വിനിയോഗിച്ച തുക	അവശേഷിക്കുന്ന തുക
ബ്ലോക്ക് പഞ്ചായത്ത്	2021-22	100000	44/22, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്	100000	

		312360	25/22, നെൽകൃഷിക്ക് കൂലിച്ചെലവ്	312360	
		518000	113/22, ലൈഫ് ഭവനപദ്ധതി (സ്പിൽ ഓവർ)	518000	
		940000	114/22, ലൈഫ് ഭവനപദ്ധതി, എസ്.സി.പി (സ്പിൽ ഓവർ)	940000	
		124715	41/22, അങ്കണവാടി പോഷകാഹാരം	124715	
ജില്ലാ പഞ്ചായത്ത്	2021-22	67876	118/22, അങ്കണവാടി പോഷകാഹാരം	67876	
		199550	44/22, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്	199550	

			112625	119/22, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്	112625	
			200000	3/22, അഗതി രഹിത കേരളം	200000	
			100000	66/22, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ	100000	
			200000	25/22, നെൽകൃഷിക്ക് കൂലിച്ചെലവ്	200000	
			200000	7/22,സാന്ത്വന പരിചരണം	200000	
			50000	27/22, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	50000	
			99000	94/22, ക്ഷീര കർഷകർക്ക്	99000	

			പാലിന് സബ്സിഡി (സ്പിൽ ഓവർ)		

4-2 നിക്ഷേപപ്രവൃത്തികൾക്ക് നല്കുിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 2021- 22ൽ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
വാട്ടർ അതോറിറ്റി	വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (187/22)	994580	0	994580

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	നിലവിലെ അവസ്ഥ
2011-12	ലഘു അവലോകനം	2012-13	3.4.5	തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു
2011-12	പ്രവർത്തന അവലോകന റിപ്പോർട്ട്	2012-13	2.4	ഫ്രണ്ട് ഓഫീസ്	പരാമർശം നിലനിൽക്കുന്നു

				പ്രവർത്തനം സംബന്ധിച്ച്	
2014-15	2-1	2016-17	2(1,2,3)	വസ്തു നികുതി നിർണ്ണയം സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു
2015-16	2-2	2016-17	2.2	തൊഴിൽ നികുതി അപാകത	പരാമർശം നിലനിൽക്കുന്നു

4-8 ചാർജ്/ സർചാർജ് നടപടികളുടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	54134917
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	48529037
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	144360

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-26	144360	ശ്രീമതി രാധിക എസ്., അസി.എൻജിനീയർ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം

ശ്രീമതി രാധിക.എസ് , അസി.എൻജിനീയർ	അസി.എൻജിനീയർ, പന്തളം മുനിസിപ്പാലിറ്റി	കല്ലുവിള വീട്, പൂവറ്റൂർ ഈസ്റ്റ്, കുളക്കട പി.ഒ, കൊല്ലം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

വർഷം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	അവശേഷിക്കുന്ന ഖണ്ഡികകൾ
2007-08 മുതൽ 2010-11 വരെ	എൽ.എഫ്.പിറ്റിഎ-പി8.943/2012 തീയതി 16.12.2011/10.05.2013	5 (3-3, 3-11, 3-12, 3-14, 3-16)
2011-12 2012-13	എൽ.എഫ്.പിറ്റിഎ-പി8.684/2014 തീയതി 19.11.2014/12.01.2015	2 (3-11, 3-10)
2013-14	എൽ.എഫ്.പിറ്റിഎ-പി8.325/2015 തീയതി 17.06.2015/16.07.2015	2 (3-1, 3-4)
2014-15	എൽ.എഫ്.പിറ്റിഎ-പി8.733/2016 തീയതി 08.07.2016	6 (2-1, 2-2, 2-3, 3-1, 3-7, 3-10)

2015-16	കെഎസ്എ.പിറ്റിഎ-പി8.1208/2016 തീയതി 18.11.2016	10 (2-2(എ), 2-2(ബി), 3-1-1, 3-3, 3-4, 3-7, 3-8, 3-10, 3-12, 3-15)
2016-17	കെഎസ്എ.പിറ്റിഎ-പി8.975/2017 തീയതി 30.08.2017	2 3-9, 4-2
2017-18	കെഎസ്എ.പിറ്റിഎ-പി8.84/2019 തീയതി 08.02.2019	1 4-2
2018-19	കെഎസ്എ.പിറ്റിഎ-പി8.1007/2019 തീയതി 13.12.2019	
2019-20	കെഎസ്എ.പിറ്റിഎ.പി8-418/2021 തീയതി 29.06.2021	4 (1-17, 1-25, 1-26, 1-27)
2020-21	കെഎസ്എ.പിറ്റിഎ.പി8-429/2022 തീയതി 18.05.2022	11 (1-15, 1-16, 1-18, 1-21, 1-22, 1-23, 1-24, 3-1, 3-2, 3-3, 4-2)

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്